**പതിമൂന്നാം കേരള നിയമസഭ**

**പതിനൊന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാചോദ്യം നം: 4732

27.06.2014 ലെ
മറുപടിയ്ക്ക്

ന്യൂനപക്ഷ പ്രൊമോട്ടർമാരുടെ ചുമതലകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. രാജു എബ്രഹാം | | ശ്രീ. മഞ്ഞളാംകുഴി അലി (നഗരകാര്യവും ന്യൂനപക്ഷ ക്ഷേമവും വകുപ്പു മന്ത്രി) | |
| (എ) | ന്യൂനപക്ഷ ക്ഷേമവകുപ്പുവഴി ലഭിക്കുന്ന ആനുകൂല്യങ്ങൾ സംബന്ധിച്ച് ന്യൂനപക്ഷങ്ങൾക്ക് അറിവ് ലഭ്യമാക്കുന്നതിന് ന്യൂനപക്ഷ പ്രൊമോട്ടർമാരെ നിയോഗിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇവരുടെ ചുമതലകൾ എന്തൊക്കെയാണ്; എന്ത് തുകയാണ് ഇവർക്ക് ഓണറേറിയമായി ലഭിക്കുന്നത്; | (എ) | നിയോഗിച്ചിട്ടുണ്ടായിരുന്നു. ന്യൂനപക്ഷ ക്ഷേമ വകുപ്പു മുഖേനയും വിവിധ കേന്ദ്ര സംസ്ഥാന വകുപ്പ് വഴിയും നടപ്പിലാക്കുന്ന പദ്ധതികൾ, സ്കോളർഷിപ്പുകൾ, ആനുകൂല്യങ്ങൾ തുടങ്ങിയവ കൂടുതൽ കാര്യക്ഷമമായും വ്യാപകമായും ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കളിൽ എത്തിക്കുന്നതിനും ബോധവൽക്കരണം നടത്തുന്നതുമാണ് ഇവർക്കുണ്ടായിരുന്ന പ്രധാന ചുമതലകൾ. പ്രതിമാസം 4000/- രൂപയാണ് ഓണറേറിയമായി നിശ്ചയിച്ചത്. |
| (ബി) | നിലവിൽ ഓണറേറിയം നൽകുന്നുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ? | (ബി) | ഇല്ല. ഓണറേറിയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ